# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 323 — 04-02-2013-ൽ മറുപടിയ്ക്ക്

## വാഹനങ്ങളിലെ സൺഫിലിം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) വാഹനങ്ങളുടെ ഗ്ലാസ്സിൽ ഒട്ടിച്ചിട്ടുള്ള കറുത്ത സൺ ഫിലിം നീക്കം ചെയ്യണമെന്ന 2012 ഏപ്രിൽ 27 ലെ ബഹു. സുപ്രീം കോടതി വിധി നടപ്പിൽ വരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (എ) ബഹു. സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിലേക്കായി പോലീസ് ആസ്ഥാനത്തുനിന്നും എല്ലാ ജില്ലാ പോലീസ് മേധാവി കൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഐ.ജി.പി (ട്രാഫിക്) ന്റെ കാര്യാലയത്തിൽ നിന്നും 28.12.12-ൽ സൺഫിലിമുകൾ നീക്കം ചെയ്യാനുള്ള കർശന നിർദ്ദേശം നൽകുകയും സംസ്ഥാന ത്തൊട്ടാകെ ബസ്സുകൾ ഉൾപ്പെടെ യുള്ള വാഹനങ്ങളിലെ ഗ്ലാസു കളിൽ നിന്നും സൺഫിലിം നീക്കം ചെയ്യുന്നതിനായി ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുകയും ഉണ്ടായി. |

(ബി) പ്രസ്തുത ഉത്തരവിന് ശേഷം നാളിതുവരെ എത്ര കേസ്സുകൾ. രജിസ്റ്റർ ചെയ്തു;

(സി) പ്രസ്തുത വിധിക്കു ശേഷം നാളിതുവരെ ഇതിന്റെ പേരിൽ എന്ത് തുക പിഴയിനത്തിൽ ഈടാക്കി; വിശദാംശം നൽകുമോ ;

(ബി) & (സി) സുപ്രീം കോടതി വിധിക്കുശേഷം നാളിതുവരെ ഇതു സംബന്ധിച്ച് 1,78,970 പെറ്റി കേസുകൾ രജിസ്റ്റർ ചെയ്ത് 1,90,05,880 രൂപ പിഴയിനത്തിൽ ഈടാക്കി. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഡി) ബഹു. സുപ്രീം കോടതി ഉത്തരവ് ഫലപ്രദമായി നടപ്പാക്കാത്തതിന്റെ ഭാഗമായി ബഹു . കേരള ഹൈക്കോടതി 2013, ജനുവരി 2 ന് സൺഫിലിം നീക്കൽ നിർദ്ദേശം പോലീസ് കർശനമായി നടപ്പിലാക്കുന്നില്ലെന്ന ഡിവിഷൻ ബഞ്ചിന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ ;

(ഡി) സൺഫിലിം നീക്കൽ നിർദ്ദേശം പോലീസ് കർശനമായി നടപ്പിലാക്കുന്നില്ലെന്ന് ഡിവിഷൻ ബഞ്ച് പരാമർശിച്ചിട്ടില്ല.

(ഇ) ബഹു. സുപ്രീം കോടതി ഉത്തരവ് വന്നതിന് ശേഷം ചിലർ സൺഫിലിം മാറ്റിയതിനുശേഷം ഉൾവശം കാണാത്ത തരത്തിലുള്ള കർട്ടൺ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) എങ്കിൽ, ഇത്തരം കർട്ടൺ ഉപയോഗിക്കുന്ന സർക്കാർ വാഹനങ്ങൾ, പ്രത്യേകിച്ച് പോലീസ് വാഹനങ്ങൾ, മറ്റ് വാഹനങ്ങൾ ഇപ്രകാരം ഉൾവശം കാണാത്ത തരത്തിൽ യാത്ര ചെയ്യുന്നവർക്കെതിരെ എന്തൊക്കെ നടപടികൾ

(എഫ്) ഉൾവശം കാണത്തക്കതരത്തിലല്ലാതെ കർട്ടൻ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| | സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | | |
| (ജി) | സംസ്ഥാനത്ത് നിലവിൽ, സൺഫിലിം ഒട്ടിച്ചതോ, ഉൾവശം കാണാത്ത തരത്തിലുള്ള കർട്ടൺ ഉപയോഗിച്ചിട്ടുള്ള വാഹനങ്ങൾ ഉപയോഗിക്കുവാൻ, ഏതൊക്കെ വ്യക്തികൾക്ക് അധികാരമുണ്ടെന്ന് വ്യക്തമാക്കുമോ ? | (ജി) | Z, Z+ സുരക്ഷാ വിഭാഗം ആവശ്യമുള്ളവർ ഉപയോഗിക്കുന്ന വാഹനങ്ങളിൽ നിലവിൽ സൺ ഫിലിം ഉപയോഗിക്കുവാൻ അനുവാദമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| District | Petty Cases | Total Amount Fined |
|---|---|---|
| Thiruvananthapuram City | 15431 | 1543100 |
| ThiruvananthapuramRural | 16856 | 1685600 |
| Kollam City | 11901 | 1190100 |
| Kollam Rural | 478 | 47800 |
| Pathanamthitta | 8004 | 800400 |
| Alappuzha | 10072 | 1007200 |
| Kottayam | 10558 | 1265500 |
| Idukki | 4530 | 427200 |
| Ernakulam City | 7943 | 1520700 |
| Ernakulam Rural | 9901 | 1232380 |
| Thrissur City | 4850 | 486300 |
| Thrissur Rural | 4671 | 684900 |
| Palakkad | 3108 | 304500 |
| Malappuram | 25138 | 2252600 |
| Kozhikode City | 11815 | 1181500 |
| Kozhikode Rural | 12147 | 1219800 |
| Wayanad | 4241 | 423000 |
| Kanur | 10388 | 1038800 |
| Kasaragode | 6938 | 694500 |
| | 178970 | 19005880 |

ASHA DEVI. V.S.
Section Officer (HG)
Home (SC) Department
Government Secretariat
Thiruvananthapuram.